(സി) 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി-ഓട്ടോ മേഖലയിൽ നിന്നുമായി പ്രസ്തുത ക്ഷേമനിധിയിൽ എത്ര തുക വീതം തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന 1,27,667 ടാക്സി തൊഴിലാളികളും 3,02,615 ഓട്ടോറിക്ഷാ തൊഴിലാളികളും നിലവിലുണ്ട്.

(ബി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉടമാ വിഹിതം അടയ്ക്കുന്ന 1,72,992 ടാക്സി ഉടമകളും 4,69,171 ഓട്ടോറിക്ഷ ഉടമകളും നിലവിലുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി ഓട്ടോ മേഖലയിൽനിന്നും തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ടാക്സി

തൊഴിലാളി വിഹിതം - 41,14,260 രൂപ

തൊഴിലുടമ വിഹിതം - 9,97,53,657 രൂപ

ഓട്ടോറിക്ഷ

തൊഴിലാളി വിഹിതം - 4,60,80,020 രൂപ

തൊഴിലുടമ വിഹിതം - 13,94,18,642 രൂപ

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട്

156 (8216) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ്-രോഗി അനുപാതം, ആശുപത്രിയിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ശിപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നടപടി യെടുക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതി ഇതിനായി യോഗം ചേർന്നിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നിലവിലുള്ള പ്രവേശന സംവരണ നിയമപ്രകാരം ഓരോ ആശുപത്രി യിലും നഴ്സുമാരുടെ തസ്തികയിൽ 20% പുരുഷ നഴ്സുമാർക്കായി നീക്കി വയ്ക്കണമെന്ന ബലരാമൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) പുരുഷ നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് നിയമന അവസരം നിഷേധിക്കുന്ന സ്വകാര്യ ആശുപത്രി മാനേജ്മെന്റിന്റെ നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശിപാർശകളിലെ നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി ചർച്ച ചെയ്ത് അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഴ്സ്-രോഗി അനുപാതം സംബന്ധിച്ച വിഷയത്തിൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. നഴ്സുമാർക്ക് ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന കാര്യം പരാതി ലഭിച്ചാൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിച്ച് നടപടി സ്വീകരിക്കു ന്നതാണ്.

(സി) ഡോ. എസ്. ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ -കുടുംബക്ഷേമ -ദേവസ്വം വകുപ്പുമന്ത്രി കൺവീനറായി രൂപീകരിക്കപ്പെട്ട ഉപസമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി & ഇ) ഡോ. എസ്. ബലരാമൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രസ്തുത ശിപാർശകളിന്മേൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പാണ് നടപടികൾ സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly